**"CORRUPTION, A CRIME AGAINST NATION"**


**വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ**
**തിരുവനന്തപുരം 695033**
E-mail:vig.vacb@kerala.gov.in
**ഫോൺ നം. 0471-2305393**

**തീയതി 29.02.2024**

# "മുൻ മാവേലി സ്റ്റോർ മാനേജരെ കഠിന തടവിന് ശിക്ഷിച്ചു."

പത്തനംതിട്ട ജില്ലയിലെ ആറന്മുള മാവേലി സ്റ്റോറിന്റെ മാനേജരുടെ അധിക ചുമതല വഹിച്ചിരുന്ന ലീലാമ്മാൾ 5,60,645/- രൂപയുടെ ക്രമക്കേട് നടത്തിയതിന് തിരുവനന്തപുരം വിജിലൻസ് കോടതി മൂന്നു വർഷം കഠിന തടവിനും 5,90,645/- രൂപ പിഴ ഒടുക്കുന്നതിനും ശിക്ഷിച്ചു.

2006-2008 കാലഘട്ടത്തിൽ പത്തനംതിട്ട ജില്ലയിലെ ആറന്മുള മാവേലി സ്റ്റോർ മാനേജരുടെ ചുമതല വഹിക്കവെ മാവേലി സ്റ്റോറിൽ നടന്ന 5,60,645/- രൂപയുടെ ക്രമക്കേടുകൾ കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ രജിസ്റ്റർ ചെയ്ത കേസ്സിലാണ് മാനേജരായ ലീലാമ്മാൾ കുറ്റക്കാരിയാണെന്ന് തിരുവനന്തപുരം വിജിലൻസ് കോടതി കണ്ടെത്തിയത്. പത്തനംതിട്ട വിജിലൻസ് യൂണിറ്റ് ഡി.വൈ.എസ്.പി ആയിരുന്ന ശ്രീ. വി.വി. അജിത്ത് രജിസ്റ്റർ ചെയ്ത കേസ്സിൽ പ്രതിയായ ലീലാമ്മാൾ കുറ്റക്കാരിയാണെന്ന് കണ്ടെത്തിയിട്ടുള്ളതും മൂന്നു കേസ്സുകളിലായി മൂന്നു വർഷം വീതം കഠിന തടവിനും 5,90,645/- രൂപ പിഴ ഒടുക്കുന്നതിനും കോടതി ശിക്ഷിച്ചത്. ശിക്ഷ ഒന്നിച്ച് അനുഭവിച്ചാൽ മതിയെന്നും വിധി ന്യായത്തിൽ പറയുന്നു.

പത്തനംതിട്ട വിജിലൻസ് യൂണിറ്റ് ഡി.വൈ.എസ്.പി ആയിരുന്ന ശ്രീ. വി.വി. അജിത്ത് രജിസ്റ്റർ ചെയ്ത കേസ്സിൽ പത്തനംതിട്ട വിജിലൻസ് ഡി.വൈ.എസ്.പി മാരായിരുന്ന ശ്രീ.

ബേബി ചാൾസ് ശ്രീ. ജഗദീഷ് എന്നിവർ അന്വേഷണം നടത്തി പത്തനംതിട്ട വിജിലൻസ് ഡി.വൈ.എസ്.പി യായിരുന്ന ശ്രീ. ജഗദീഷ് കുറ്റപത്രം സമർപ്പിച്ച കേസ്സിലാണ് പ്രതിയായ ലീലാമ്മാൾ കുറ്റക്കാരിയാണെന്ന് തിരുവനന്തപുരം വിജിലൻസ് കോടതി കണ്ടെത്തിയത്.

പ്രോസിക്യൂഷനുവേണ്ടി വിജിലൻസ് പബ്ലിക് പ്രോസിക്യൂട്ടർ ശ്രീമതി. വീണ സതീശൻ ഹാജരായി.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറ്കടർ ശ്രീ. ടി. കെ . വിനോദ് കുമാർ. ഐ.പി.എസ് ജനങ്ങളോട് അഭ്യർത്ഥിച്ചു.